കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നെന്മേനി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-52/20250

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

തീയതി: 10/02/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെന്മേനി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : നെന്മേനി ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2018-19. സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ 1-21, 1-13 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ........... ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-52/20250

തീയതി: 10/02/2020

വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2018-19.സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 10/07/2018 മുതൽ 05.12.19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ | ശ്രീമതി.വസന്ത. പി.എസ്.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.12.2019മുതൽ |

| | |
|---|---|
| | 07.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഒ.കെ.അഗസ്റ്റ്യൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.ഡേവിഡ്. കെ.വി. അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാജി.പി. അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.റ്റിജി വർഗ്ഗീസ്, ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | സി.ആർ കറുപ്പൻ | 01.04.2018മുതൽ 27.09.2018 വരെ |
| | മേരി ടീച്ചർ | 28.09.2018മുതൽ 10.03.2019വരെ |
| | കെ. സി. പത്മനാഭൻ | 11.03.2019മുതൽ 31.03.2019വരെ |
| വൈസ് പ്രസിഡന്റ് | മേരി ടീച്ചർ | 01.04.2018മുതൽ 31.03.2019 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(വികസന കാര്യം) | പി.കെ രാമചന്ദ്രൻ | 01.04.2018മുതൽ 31.03.2019 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി(ക്ഷേമകാര്യം) | സരള ഉണ്ണികൃഷ്ണൻ | 01.04.2018മുതൽ 31.03.2019 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | കെ.രാജഗോപാലൻ | 01.04.2018മുതൽ 31.03.2019 വരെ |
| സെക്രട്ടറി | എ പി സനൽകുമാർ | 01.04.2018മുതൽ 31.03.2019 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസി.സെക്രട്ടറി | അനീഷ് പോൾ | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.സനൽകുമാർ | 01.04.2018മുതൽ 31.03.2019 |

| | | |
|---|---|---|
| (പി എച്ച്.സി) | | വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ.മദൻ കുമാർ | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ.അപർണ്ണ | 01.04.2018മുതൽ<br>31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വത്സ കെ സി | 01.04.2018മുതൽ31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സിമിത ജോൺ | 01.04.2018മുതൽ31.03.2019 വരെ |
| വി ഇ ഒ | ഷനോജ്.എൻ.പി | 01.04.2018മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | അഭിമന്യു | 01.04.2018മുതൽ 05.08.2018വരെ |
| | വി വി ധന്യ | 06.08.2018മുതൽ24.02.2019വരെ |
| | ബെല്ല തോമസ് | 24.02.2019 മുതൽ 25.02.2019 വരെ |
| | അലക്സ് സജി | 25.02.2019 മുതൽ 31.03.2019വരെ |
| അസി .എഞ്ചിനീയർ | വിനീത സി.ടി | 01.04.2018മുതൽ 27.06.2018വരെ |
| | സുരേഷ് കെ എസ് | 28.06.2018മുതൽ<br>04.07.2018വരെ |
| | ഷാലു ആർ എഫ് | 05.07.2018മുതൽ30.08.2018 വരെ |
| | സുരേഷ് കെ എസ് | 31.08.2018മുതൽ 13.09.2018 വരെ |
| | അഖിൽ ലാൽ | 14.09.2018മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ആലീസ് ഷേർളി | 01.03.2018മുതൽ 31.03.2019 വരെ |
| ടി.ഇ.ഒ | ഗിരിജ പി.വി | 01.04.2018മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിവരണം | ഖണ്ഡിക |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |

| | | |
|---|---|---|
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി പിരിവ് -അപാകതകൾ. | 1-12 |
| 13 | വസ്തു നികുതി പിരിവിലെ അപാകതകൾ | 1-13 |
| 14 | അറ്റൻഡൻസ് യഥാസമയം രേഖപ്പെടുത്തുന്നതിൽ വീഴ്ച. | 1-14 |
| 15 | ആർജിതാവധി കണക്കാക്കുന്നതിലെ പിശകുകൾ | 1-15 |
| 16 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-16 |
| 17 | ഗുണഭോക്തൃ സമിതിക്ക് അധിക തുക നൽകി. | 1-17 |
| 18 | വകയിരുത്തിയ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ പ്രോജക്ട് നടപ്പിലാക്കി. | 1-18 |
| 19 | എസ്റ്റിമേറ്റ് റിവിഷൻ നടത്തിയതിൽ ചട്ട ലംഘനം. | 1-19 |
| 20 | മതിപ്പ് ചെലവിനേക്കാൾ അധികം ചെലവ് വരുന്ന ടെൻഡർ അംഗീകരിച്ച് മരാമത്ത് പ്രവൃത്തി നടപ്പിലാക്കി. | 1-20 |
| 21 | ചുള്ളിയോട് ബസ് സ്റ്റാന്റിൽ വനിത ടോയിലറ്റ് - നിഷ്ക്രീയ ആസ്തി. | 1-21 |
| 22 | കരാറുടമ്പടിവെച്ച് കരാറുകാരെ ഏൽപ്പിച്ച പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. | 1-22 |
| 23 | തുല്യത തുടർ വിദ്യാഭ്യാസ പരിപാടി- ഹോണറേറിയം നൽകി. | 1-23 |
| | | |

| | | |
|---|---|---|
| 24 | സുകൃതം ഭവന പദ്ധതി 58,143/- രൂപ പിഴപ്പലിശ അടവാക്കി | 1-24 |
| 25 | ലൈഫ് ഭവന പദ്ധതി-മുൻ ഭവന പദ്ധതിയിൽ പൂർത്തീകരിച്ച ഘട്ടങ്ങൾക്കും ആനുപാതിക വർദ്ധനവ് അനുവദിച്ചതിലെ അധികച്ചെലവ് - ₹40,000 രൂപ | 1-25 |
| 26 | പക്ഷി മൃഗാദികളെ കുടുംബശ്രീ യൂണിറ്റുകൾക്ക് നല്കുന്നതിൽ കരാർ ചമയ്ക്കുന്നില്ല. | 1-26 |
| 27 | ഗുണഭോക്തൃ സമിതിക്ക് അധികം നൽകിയ ₹30291/- നിരാകരിക്കുന്നു. | 3-1 |
| 28 | സുകൃതം ഭവന പദ്ധതി 58,143/- രൂപ പിഴപ്പലിശ അടവാക്കി | 3-2 |
| 29 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 30 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 31 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 33 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 34 | സ്ഥിര നിക്ഷേപം | 4-6 |
| 35 | ഓഡിറ്റ് റിക്കവറി | 4-7 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| അനുബന്ധം-2 | ന്യൂനതകളുടെ സംഗ്രഹം | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

22/03/2018 തീയതിയിലെ 1/113തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 23.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,50,97,132 |
| വരവ് | 18,63,10,360 |
| ആകെ | 22,14,07,492 |
| ചെലവ് | 13,52,43,361 |
| നീക്കിയിരിപ്പ് | 8,61,64,131 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 3,28,85,197 | 3,28,85,197 | 3,28,85,197 | |
| വികസന ഫണ്ട്-എസ്.സി.പി | - | 23,28,616 | 23,28,616 | 23,28,616 | |
| വികസന ഫണ്ട്-ടി.എസ്.പി | - | 1,58,17,887 | 1,58,17,887 | 1,58,17,887 | |
| മെയിന്റനൻസ്, റോഡ് | - | 2,03,75,588 | 2,03,75,588 | 2,03,75,588 | |
| മെയിന്റനൻസ്, നോൺ-റോഡ് | - | 60,03,529 | 60,03,529 | 60,03,529 | |
| സെൻട്രൽ | | 67,47,983 | 67,47,983 | 67,47,983 | |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 1,74,48,604 | 1,74,48,604 | 1,74,48,604 | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 374 | 14,36,91,859 | 210 | 8,41,58,800 | 13 | 151 | 56.14% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 72,536 | 29,36,539 | 30,09,075 | 29,81,098 | 27,977 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 502.51 ലക്ഷം | 502.51 ലക്ഷം | 502.51 ലക്ഷം | - |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 41520 | 22 |
| | | |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 95,59,200 | 734 |
| വിധവാപെൻഷൻ | 2,63,89,100 | 2174 |
| വാർദ്ധക്യകാലപെൻഷൻ | 3,17,62,400 | 3016 |
| വികലാംഗപെൻഷൻ | 58,97,500 | 491 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28/12/19 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,422/- (ഇരുപതിനായിരത്തി നാനൂറ്റി ഇരുപത്തി രണ്ട് രൂപ)രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പലതും എഴുതി പൂർത്തീകരിക്കാത്തതായും, ചിലത് സൂക്ഷിക്കാത്തതായും കണ്ടു. ഓഫീസ് പ്രവർത്തനത്തിനും അക്കൗണ്ട് കണക്കുകളുടെ കൃത്യമായ പരിപാലനത്തിനും അത്യാവശ്യമായതുമായ ഈ രേഖകൾ സൂക്ഷിക്കാതിരിക്കുന്നതിൽ അപാകതകൾ കണ്ടു. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

എ) സെക്രട്ടറിയുടെയും ജീവനക്കാരുടെയും അറ്റൻഡൻസ് രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല.

ബി) ടെണ്ടർ ഫോറം കണക്കുകൾ സൂക്ഷിച്ചിട്ടില്ല . അതിനാൽ ഏതെല്ലാം വർക്കുകൾക്ക് ഇപ്രകാരം ടെണ്ടർ ഫോറം വിതരണം ചെയ്തു എന്ന് വ്യക്തമാകുന്നില്ല. നിലവിൽ എത്ര ഫോറം ബാക്കിയുണ്ട് എന്നും വ്യക്തമാകുന്നില്ല. അതിനാൽ ഫോറങ്ങൾ ദുരുപയോഗം ചെയ്യാനുള്ള സാഹചര്യം നിലനിൽക്കുന്നു.

സി) സേവനപുസ്തകങ്ങളിലെ അവധിക്കണക്കുകൾ ശരിയായി സൂക്ഷിക്കുന്നില്ല.

ഡി) ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. യഥാസമയം ഇൻവെസ്റ്റ്മെന്റുകൾ

റിയലൈസ് ചെയ്യുന്നില്ല.

ഇ) ആന്റിസിപ്പേറ്ററി ഇൻകം ടാക്സ് പത്രിക പ്രകാരം നികുതി തിട്ടപ്പെടുത്തി ഓരോ മാസവും നികുതി ഈടാക്കുന്നതിൽ ശ്രദ്ധിക്കുന്നില്ല.

എഫ് )സാമ്പത്തീക വർഷാവസാനം വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.02.2019 | 1/04/2018 മുതൽ 31.12.2018 വരെ | 02.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.01.2016 | 2010-11 മുതൽ 2014-15 വരെ | 01.03.2016 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട് കൂടാതെ 2018-19 ഓഡിറ്റിൽ വിവിധ വരവിനങ്ങളുടെ പരിശോധനാ സമയത്ത് ചെക്ക് മുഖേന കിട്ടിയ തുകകളെ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ കൂടി ചുവടെ ചേർക്കുന്നു.

<u>1) ലഭിച്ച ചെക്കുകൾ പണമായി മാറിയിട്ടില്ല:-</u>

ഓഡിറ്റിന് ലഭ്യമാക്കിയ2019 ജൂലൈ മാസം വരെയുള്ള ബാങ്ക് റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം തനത് വരുമാനം നിക്ഷേപിക്കുന്ന അക്കൗണ്ടിൽ(അകൗണ്ട് നം.450210103(SBI Koliyadi) ) 2016 ഡിസംബർ മുതൽ 2019 ജൂലൈ മാസം വരെ വിവിധ ഇനങ്ങളിലായി നിക്ഷേപിച്ച 1,70,33,909/- (ഒരു കോടി എഴുപതുലക്ഷത്തി മുപ്പത്തിമൂവായിരത്തി തൊള്ളായിരത്തി ഒൻപത്) രൂപയുടെ ചെക്കുകൾ/ഡ്രാഫ്റ്റുകൾ പണമായി മാറാതെ കിടക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 22 (1) പ്രകാരം ബാങ്കുകൾ ഏതെങ്കിലും ചെക്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ അതിനുവേണ്ടി നൽകിയ രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതും, ചെക്ക് നൽകിയ ആളെ പഞ്ചായത്തിൽ നിന്ന് നൽകിയ രസീത് ക്യാൻസൽ ചെയ്ത വിവരം അറിയിക്കേണ്ടതുമാണ്. ബന്ധപ്പെട്ട തുക, ബാങ്ക് ഏതെങ്കിലും ചാർജ്ജ് ഈടാക്കിയിട്ടുണ്ടെങ്കിൽ അത് ഉൾപ്പെടെ,ക്യാഷ് ആയോ ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അടയ്ക്കണമെന്ന് അവശ്യപ്പെടേണ്ടതുമാണ്. ചട്ടം 22 (2) പ്രകാരം അപ്രകാരം അടയ്ക്കുന്ന തുകയ്ക്ക് ഒരു പുതിയ രസീത് നൽകേണ്ടതും ചട്ടം 22 (3) പ്രകാരം ബാങ്ക് മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതും,ബന്ധപ്പെട്ട കക്ഷി പണം അടയ്ക്കുന്നതുവരെ മറ്റാർക്കും നൽകാൻ പാടില്ലാത്തതും ചട്ടം 22 (4) പ്രകാരം സ്വീകരിക്കാത്ത ചെക്ക് സംബന്ധിച്ച് ബാങ്കിൽ നിന്ന് ലഭിച്ച അറിയിപ്പിന്റെയോ സ്റ്റേറ്റ്മെന്റിന്റെയോ അടിസ്ഥാനത്തിൽ അക്കൗണ്ട് ബുക്കുകളിൽ അക്കൗണ്ടന്റ് റിവേഴ്സ് എൻട്രി വരുത്തേണ്ടതുമാണ്.

മേൽ പ്രതിപാദിച്ച ചട്ടങ്ങളുടെ നടപടിക്രമങ്ങൾ പാലിക്കാതെ ഇക്കാര്യത്തിൽ പഞ്ചായത്ത് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിവിധ ഇനങ്ങളിലായി ലഭിച്ച 17,033,909/- രൂപയുടെ ചെക്കുകൾ ആരിൽ നിന്നും, ഏതൊക്കെ ഇനങ്ങളിൽ ലഭിച്ചതാണെന്നും അറിയിക്കേണ്ടതുമാണ്.

2) തനത് വരുമാനം നിക്ഷേപിക്കുന്ന അക്കൗണ്ടിൽ(അക്കൗണ്ട് നം.450210103(SBI Koliyadi) )29/06 /2019 തിയ്യതിയിൽ KURDFC ലോൺ 15,80,000/- രൂപയും 18/07/2019 തിയ്യതിയിൽ 78,00,000/- രൂപയും വരവ് വന്നിട്ടുണ്ട് എന്നാൽ ഈ പണം നാളിതുവരെ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല.

ഈ തുക കൂടാതെ 24,26,051.93 രൂപ ബാങ്കിൽ വരവ് വന്നിട്ടുണ്ടെങ്കിലും നാളിതുവരെ ബാങ്ക് ബുക്കിൽ വരവു വെച്ചിട്ടില്ല.

3) 2013 മുതൽ വിവിധ ചെലവുകളിലേക്കായി 42,99,626/- രൂപയുടെ ചെക്കുകൾ പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ ബാങ്കിൽ ഹാജരാക്കിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 79 (1) പ്രകാരം ചെക്ക് പുറപ്പെടുവിപ്പിച്ച് മൂന്നുമാസം കഴിഞ്ഞിട്ടും ബാങ്കിൽ പ്രസന്റ് ചെയ്തിട്ടില്ലെങ്കിൽ അവ കാലഹരണപ്പെട്ട ചെക്ക് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി മൂന്നു വർഷം കഴിഞ്ഞ് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

<u>4) വിവിധ ചെലവുകളിലേക്കായി നൽകുന്ന ചെക്ക് അക്കൗണ്ട് ചെയ്യുന്നില്ല:-</u>

2019 ജൂലൈ മാസത്തെ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 17,59,556.93 രൂപയുടെ ചെലവ് ബാങ്ക് ബുക്കിൽ

രേഖപ്പെടുത്താതെ നേരിട്ട് ബാങ്കിൽ നിന്നും ഡെബിറ്റ് ആയതായി കാണിച്ചിട്ടുണ്ട്. എന്നാൽ ബാങ്ക് ബുക്ക് പരിശോധിച്ചപ്പോൾ ഈ തുകയിൽ പലതും ബാങ്ക് ബുക്കിലും ചെലവ് കാണിച്ചിട്ടുള്ളതായി കണ്ടു.

ഉദാ.

| ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ | | ബാങ്ക് ബുക്ക് പ്രകാരമുള്ള വിവരങ്ങൾ | |
|---|---|---|---|
| ചെക്ക് നം& തിയ്യതി | തുക | ചെക്ക് നം& തിയ്യതി | തുക |
| 340933/ 22.10.18 | 44,461 | 340933/ 07.11.18 | 44,461 |
| 340934/ 24.10.18 | 9,790 | 340934/ 07.11.18 | 9,790 |
| 340937/ 25.10.18 | 2,255 | 340937/ 07.11.18 | 2,255 |
| 340935/ 25.10.18 | 790 | 340935/ 07.11.18 | 790 |
| 340938/ 26.10.18 | 14,132 | 340938/ 08.11.18 | 14,132 |
| 340939/ 30.10.18 | 5,000 | 340939/08.11.18 | 5,000 |
| 340936/ 30.10.18 | 14,726 | 340936/ 07.11.18 | 14,726 |

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി-5, തിയ്യതി 04/01/2020) മറുപടിയായി അപാകത പരിഹരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്.

## 1-12 തൊഴിൽ നികുതി പിരിവ് -അപാകതകൾ.

നെൻമേനി ഗ്രാമപഞ്ചായത്തിലെ 2018-19 ഓഡിറ്റിൽ തൊഴിൽ നികുതി പിരിവ് പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ലെന്നും തൊഴിൽ നികുതി പിരിച്ചെടുത്ത സ്ഥാപനങ്ങളിൽ നിന്നും എല്ലാ ജീവനക്കാരുടെയും നികുതി പിരിച്ചെടുത്തിട്ടില്ലെന്നും ജീവനക്കാരുടെ അദ്ധവാർഷിക വരുമാനത്തിനനുസരിച്ചുള്ള നികുതി പിരിച്ചെടുത്തിട്ടില്ലെന്നും കണ്ടെത്താൻ കഴിഞ്ഞു. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 8 റിസോർട്ടുകളും 20 ഹോം സ്റ്റേകളും ഉണ്ടെങ്കിലും അവയിൽ നിന്നെല്ലാമുള്ള ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ പിരിച്ചെടുത്തതായി കാണുന്നില്ല.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ പിരിക്കുന്നതായി കാണുന്നില്ല.

3.താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് രണ്ട് അർദ്ധ വർഷത്തേയും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

i) സുമഗലം കാർപ്പ് എസ്റ്റേറ്റ്

ii) ഡയറക്ടർ സൗത്ത് ഇന്ത്യൻ എസ്റ്റേറ്റ് ഇൻഡസ്ട്രീസ്.

iii) ആരോഗ്യ ഹോമിയോപതിക് സ്പെഷ്യാലിറ്റി ക്ലിനിക്ക്(ഡോ. അരുൺ കുമാർ).

iv) ബ്ലൂ സ്റ്റാർ കോഫീ ക്യൂറിംഗ് വർക്ക്സ്.

v) എടക്കൽ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ.

vi) സ്വാതി കറി പൗഡർ യൂണിറ്റ്.

vii) ന്യൂ കാലിക്കറ്റ് ചിപ്പ്സ് അമ്മായിപ്പാലം.

viii) വാൽസല്യം ന്യൂട്രിമിക്സ് മാടക്കര.

viii) ബ്രദേഴ്സ് എൻജിനീയറിംഗ് വർക്ക്സ് മാടക്കര.

ix) ലിറ്റിൽ ഫ്ലവർ ഹോളോ ബ്രിക്സ് പുത്തൻകുന്ന്.

x) ശലഭ പെട്രോളിയം ചുള്ളിയോട്.

xi) ഗുഡ്‌വെ ഡ്രൈവിംഗ് സ്കൂൾ അമ്മായിപ്പാലം.

xii) ജനകീയം ഡെന്റൽക്ലിനിക്ക് ചുള്ളിയോട്.

xiii) മിലൻ എന്റർപ്രൈസസ് ചുള്ളിയോട്.

xiv) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ മാളിക.

xv)വയനാട് ഗ്രീൻടീ പ്രൊഡ്യൂസേഴ്സ് കമ്പനി കരടിപ്പാറ.

xvi) അനുപമ കുടുമ്പശ്രീ പലഹാര യൂണിറ്റ്.

xvii) ആൽഫ ടെക് എൻജിനീയറിംഗ് വർക്ക്സ് ചുള്ളിയോട്.

Xviii) ജെ എം കാറ്ററിംഗ് നമ്പ്യാർകുന്ന്.

xix) ബി എസ് എൻ എൽ ചീരാൽ.

xx) ബി എസ് എൻ എൽ ചുള്ളിയോട്.

xxi) കാർഷിക മൊത്ത വിതരണ കേന്ദ്രം അമ്മായിപ്പാലം.

xxii) അക്ഷയ കേന്ദ്രം ചീരാൽ, കോളിയാടി, ചുള്ളിയോട്.

3) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| ഡയറക്ടർ സൗത്ത് ഇന്ത്യൻ എസ്റ്റേറ്റ് ഇൻഡസ്ട്രീസ്. | 1 st half |
| മാത ഡെന്റൽ ക്ലിനിക്ക് ചുള്ളിയോട് | " |
| അനുപമ കുടുമ്പശ്രീ പലഹാര യൂണിറ്റ് | " |
| ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി | 2 nd half |
| സ്വാതി കറി പൗഡർ യൂണിറ്റ് | 2 nd half |
| ബി എസ് എൻ എൽ ചീരാൽ, ചുള്ളിയോട് | 2 nd half |

4) ജീവനക്കാരുടെ വരുമാനത്തിനനുസരിച്ച തൊഴിൽ നികുതി അടവാക്കിയിട്ടില്ല, ഉദാ.

| ജീവനക്കാരുടെ പേര് | അടിസ്ഥാന ശമ്പളം | ഒരു അർദ്ധ വർഷം ഈടാക്കേണ്ട | 2-ാം അർദ്ധ വർഷം | കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | |
| ജാൻസി പീറ്റർ (സു.ബത്തേരി അർബൻ ബാങ്ക് ചുള്ളിയോട് ബ്രാഞ്ച് | 1,28,376 | 1250 | 1,000 | 250 |
| ബിന്ദു റെജി ക്ലാസ്റ്റോ ഹസ്ക്ക് പ്രൈ ലി. | 48,600 | 450 | 300 | 150 |
| വിജയൻ എ ജി ഫിർമ ഹസ്ക്ക് പ്രൈ ലി. | 129,000 | 1250 | 1,000 | 250 |
| വിജയ എച്ച് | 47,926 | 450 | 300 | 150 |
| ഇന്ദിര വിജയൻ | 36,000 | 300 | 180 | 120 |

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും മുകളിൽ പറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ തൊഴിൽ നികുതി പിരിച്ചെടുക്കാൻ ബാക്കിയുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

# 1-13 വസ്തു നികുതി പിരിവിലെ അപാകതകൾ

നെൻമേനി ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെ ഓഡിറ്റിൽ വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ പല വാണിജ്യ കെട്ടിടങ്ങൾക്കും തെറ്റായ തോതിലാണ് വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. ഹോം സ്റ്റേ കെട്ടിടങ്ങളേയും റിസോർട്ട് കെട്ടിടങ്ങളേയും ലോഡ്ജ് കാറ്റഗറിയിൽപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഈ അപാകത മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും മുൻ തെറ്റുകൾ തന്നെ ആവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ചില അപാകതകൾ താഴെ കൊടുക്കുന്നു.

<u>1) വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിശ്ചയിച്ചു:-</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടത്തിന്റെ അടിസ്ഥാനത്തിൽ നെൻമേനി ഗ്രാമപഞ്ചായത്തിന്റെ 17.12.2011 തിയ്യതിലെ 8(1) തീരുമാന പ്രകാരം 100 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുര ശ്രമീറ്ററിന് 50/- രൂപയാണ്. കൂടാതെ മേൽ ചട്ടത്തിലെ 3 ാം ചട്ടത്തിലെ ഉപചട്ടം 2,5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി അടിസ്ഥാന നിരക്ക് 40/-രൂപ നിരക്കിലാണ് അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചത്.ഉദാ.

നെന്മേനി വില്ലേജിൽ 1224/1, 1225 എന്നീ റീസർവ്വെ നംമ്പറുകളിൽ ഉൽപ്പെട്ട സ്ഥലത്ത് 15-ാം വാർഡിൽ ശ്രീ.മുസ്തഫ എം.കെ എന്നവരുടെ ഉടമസ്ഥതയിലുള്ള 288.60 m2 വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 251 C മുതൽ 251 J വരെയുള്ള നമ്പർ അനുവദിച്ച് വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്. കെട്ടിടം 100 ച മീറ്ററിന് മുകളിലായതിനാൽ ചതുരശ്ര മീറ്ററിന് 50/- രൂപയാണ് നിശ്ചയിക്കേണ്ടിയിരുന്നത്. കെട്ടിടത്തിന്റെ 251 D മുതൽ 251 J വരെയുള്ള മുറികൾക്ക് ച മീറ്ററിന് 50/- രൂപ നിരക്കിൽ വസ്തുനികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 19 ച മീ വിസ്തീർണ്ണമുള്ള 15/251 C നംമ്പർ കടമുറിക്ക് അടിസ്ഥാന വസ്തു നികുതി 40 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ കടമുറിക്ക് 50/- രൂപ നിശ്ചയിച്ച് അറിയിക്കേണ്ടതും സമാന രീതിയിലുള്ള മുഴുവൻ കെട്ടിടങ്ങളുടേയും വസ്തു നികുതി പരിശോധിച്ച് അപാകതകളില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2) <u>ഹോം സ്റ്റേ കെട്ടിടങ്ങളെ ലോഡ്ജ് കാറ്റഗറിയിൽപ്പെടുത്തി അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്തിന് നികുതിയിനത്തിൽ നഷ്ടം</u>

നെന്മേനി ഗ്രാമപഞ്ചായത്തിൽ 23-ാം വാർഡിൽ റിസ.നം.215/4175 ഭൂമിയിൽ 290.88 ച.മീ വിസ്തീർണ്ണത്തിലുള്ള മൂന്നുകെട്ടിടങ്ങൾ ശ്രീ.അഷറഫ് പി.പി. എന്നയാൾ പഞ്ചായത്തിൽ നിന്നുള്ള അനുമതി കൂടാതെ നിർമ്മിക്കുകയും ഈ കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് ലോഡ്ജ് കാറ്റഗറിയിൽപ്പെടുത്തി 23/580 B മുതൽ 23/580 D വരെയുള്ള നംമ്പർ നൽകുകയും ചെയ്തു. കെട്ടിട ഉടമസ്ഥൻ പഞ്ചായത്തിൽ സമർപ്പിച്ച ക്രമവൽക്കരണ പ്ലാൻ പരിശോധിച്ചതിൽ നിന്ന് രണ്ട് സിറ്റൗട്ട്, വരാന്ത, രണ്ടു ടോയ്‌ലറ്റ്, രണ്ടു ബെഡ് റൂം, ഡൈനിംഗ് ഹാൾ എന്നീ സൗകര്യങ്ങളോടു കൂടിയ മേൽ കെട്ടിടങ്ങളെ ലോഡ്ജ് കാറ്റഗറിയിൽപ്പെടുത്താവുന്നതല്ല. കൂടാതെ മേൽ കെട്ടിടത്തോടു ചേർന്ന് ഒരു സ്വിമ്മിംഗ് പൂൾ നിർമ്മിച്ചിരിക്കുന്നതായി കെട്ടിടത്തിന്റ കംപ്ലീഷൻ പ്ലാനിൽ കാണുന്നു. ഈ പൂളിനെ ഉൾപ്പെടുത്താതെയാണ് വസ്തു നികുതി നിർണ്ണയിച്ചത്. കൂടാതെ കെട്ടിടത്തിന്റ പ്ലാൻ പ്രകാരം 299.68 ച മീ

ക്രമവൽക്കരിച്ചിട്ടുണ്ടെങ്കിലും 272 ച മീ. വിസ്തീർണ്ണത്തിനു മാത്രമേ വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ളൂ. മേൽ കെട്ടിടം റിസോർട്ടാണോ ഹോം സ്റ്റേയാണോ എന്നുറപ്പു വരുത്തി കെട്ടിടത്തിനു നംമ്പർ നൽകിയ 2018 ആദ്യ പകുതി മുതലുള്ള വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

3) <u>പൂർത്തീകരണ പ്ലാനിലുള്ള വിസ്തീർണ്ണത്തിനനുസരിച്ചുള്ള വസ്തുനികുതി ഈടാക്കിയിട്ടില്ല:-</u>

പതിനഞ്ചാം വാർഡിൽ റി. സ നം.1231, 1235/2, 1232 ഭൂമിയിൽ ശ്രീ വർഗ്ഗീസ് ടി സി എന്നയാൾ 13/05/14 തിയ്യതിയിൽ BP No.25/14-15 നംമ്പർ അനുമതി പത്രം പ്രകാരം 698.22 ച മീ കെട്ടിടം പണിയാൻ പെർമ്മിറ്റ് എടുക്കുകയും 887.94 ച മീ കെട്ടിടം പണി പൂർത്തിയാക്കുകയും അനുമതി കൂടാതെ പണിത കെട്ടിടം ക്രമവൽക്കരിക്കുകയും ചെയ്തിട്ടുള്ളതാണ്. സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം 887.94 ച മീ വിസ്തീർണ്ണമുള്ള കെട്ടിടം പണി പൂർത്തിയായെങ്കിലും 777.44 ച മീ വിസ്തീർണ്ണത്തിനുമാത്രമേ വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ളൂ. കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിലും ഒന്നാം നിലയിലും കൂടി 110.50 ച മീറ്ററിലുള്ള പാസേജ് നികുതി നിർണ്ണയിച്ചപ്പോൾ ഒഴിവാക്കിയാണ് നികുതി നിർണ്ണയിച്ചത്.കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

<u>4) റിസോർട്ടുകളിൽ അനധികൃത നിർമ്മാണം നടത്തി പ്രവർത്തിക്കുന്നു- വസ്തു നികുതിയിനത്തിൽ വൻ നഷ്ടം</u>

07/01/2020 തിയ്യതിയിൽ ഡോ.ജെഫ്രിയുടെ ഉടമസ്ഥതയിലുള്ള റോക്ക് വില്ല റിസോർട്ടിൽ നടത്തിയ സ്ഥല പരിശോധനയിൽ ഒന്നാം വാർഡിൽ റി സ നം.215/1A1A സ്ഥലത്തിൽപ്പെട്ട ഡോ.ജെഫ്രിയുടെ ഉടമസ്ഥതയിലുള്ള 2.86 ഹെക്ടർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന റോക്ക് വില്ല റിസോർട്ടിന്റെ റിസപ്ഷൻ സ്ഥിതിചെയ്യുന്ന പ്രധാന കെട്ടിടത്തിന്റെ (കെട്ടിട നം.1/574) മുൻപിലായി 20.72 ച.മീ വിസ്തീർണ്ണമുള്ള ഒരു കെട്ടിടവും അതിനോട് ചേർന്ന് 110.4 ച.മീ വിസ്തീർണ്ണത്തിൽ ഒരു സ്വിംമ്മിംഗ് പൂളും നിർമ്മിച്ചിട്ടുണ്ട്. ഈ പൂളിനും തൊട്ടടുത്തുള്ള കെട്ടിടത്തിനും പെർമ്മിറ്റ് എടുക്കുകയോ നിർമ്മാണം ക്രമവൽക്കരിക്കുകയോ നംമ്പറിട്ട് വസ്തു നികുതി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. ഇതു കൂടാതെ മെയിൻ കെട്ടിടത്തിന്റെ വലതുഭാഗത്ത് കുറച്ചു മുകളിലായി 6.2*4.2 വിസ്തീർണ്ണത്തിൽ ഒരു ബാംബൂ ഹട്ട് അനധികൃതമായി നിർമ്മിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. മെയിൻ കെട്ടിടത്തിന്റെ ഇടതു ഭാഗത്തായി 5.6*3.7

ച. മീ വിസ്തീർണ്ണത്തിൽ ഒരു ആയുർവ്വേദ സുഖ ചികിത്സാകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഈ കെട്ടിടങ്ങളെല്ലാം അനധികൃതമായി നിർമ്മിച്ച് പ്രവർത്തിക്കുന്നതാണ്.

5)റിസോർട്ടുകളുടെ വസ്തു നികുതി നിശ്ചയിച്ചതിൽ കുറവ്- പഞ്ചായത്തിന് വരവ് നഷ്ടം-

1-ാം വാർഡിൽ ഡോ. ഹെൻട്രിയുടെ ഉടമസ്ഥതയിലുള്ള റോക്ക് വില്ല റിസോർട്ടിന് 1/574,574A,574B,574C,574E,574F,574G,574H,574 I എന്നീ നംമ്പറുകൾ നൽകി വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്. 1/574,574A,574B,574C എന്നീ കെട്ടിടങ്ങൾക്ക് യഥാക്രമം ച മീറ്ററിന് 50/- രൂപയും 30 രൂപയുമാണ് ഈടാക്കിയിട്ടുള്ളത്.(1/574-50,574A,574B,574C-30 രൂപാവീതവും) തെറ്റായി വസ്തു നികുതി നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന് വരവു നഷ്ടം ഉണ്ടായിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അധിക വിവരങ്ങൾ ഉണ്ടെങ്കിൽ ആയവ ഹാജരാക്കേണ്ടതുമാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 14 തിയ്യതി 06/01/2020 മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മുൻ റിപ്പോർട്ടുകൾ പരിശോധിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-14 അറ്റൻഡൻസ് യഥാസമയം രേഖപ്പെടുത്തുന്നതിൽ വീഴ്ച.

അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2018 ഡിസംബർ മാസത്തിൽ സെക്രട്ടറി ഉൾപ്പെടെ 9 ജീവനക്കാർ വിവിധ തിയ്യതികളിൽ ഓഫീസിൽ ഹാജരാകാതിരുന്നത് മാർക്ക് ചെയ്തിട്ടുണ്ടെങ്കിലും , ടി തിയ്യതികളിൽ ഏതെങ്കിലും അവധി അനുവദിച്ചതായോ അവ ക്രമപ്പെടുത്തിയതായോ രേഖപ്പെടുത്തിയിരുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരു്, തസ്തിക | അവധി മാർക്ക് ചെയ്ത ദിവസങ്ങൾ | കുറിപ്പുകൾ |
|---|---|---|---|
| 1 | വിനോദ്കുമാർ വി. , ജൂണിയർ സൂപ്രണ്ട്. | 31.12.2018 എ.എൻ. | |
| 2 | രമ്യ എ.എം. , സീനിയർ ക്ലാർക്ക് | 29.12.2018 എ.എൻ. | |
| 3 | സജീവ് കുമാർ | 31.12.2018 എ.എൻ. | |

| | | | |
|---|---|---|---|
| | റ്റി.എസ്. , ക്ലാർക്ക് | | |
| 4 | ശ്രീജിത്ത് എ.ആർ. , ക്ലാർക്ക് | 31.12.2018 | |
| 5 | നിത്യ എം. , ക്ലാർക്ക് | 18.12.2018 | |
| 6 | സജ്ന പി.എം. ,ഓഫീസ് അറ്റന്റന്റ് | 31.12.2018 | |
| 7 | മധു ബി. , | 31.12.2018 എ.എൻ. | |
| 8 | ആയിഷാബി എം.എ. , എഫ്.ടി.എസ്. | 28.12.2018 | |
| 9 | അബ്ദുൾ അസീസ് , ഡ്രൈവർ | 28.12.2018 എ.എൻ. , 29.12.18, 31. 12.18 | 30.12.18 അവധി ദിനം |
| 10 | റ്റിജോ ജി., | 31. 12.18 | |
| 11 | സനൽകുമാർ എ.പി. , സെക്രട്ടറി | 26.12.2018 എ.എൻ. മുതൽ 31.12.18 വരെ | 30.12.18 അവധി ദിനം |
| | | | |

ഈ വിവരം ശ്രദ്ധയിൽപ്പെടുത്തി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3 /18-19 തീയ്യതി 03.01.2020) നല്കിയ മറുപടിയിൽ ടി ദിവസങ്ങളിൽ ജീവനക്കാർ ഓഫീസിൽ വന്നതും ജോലി ചെയ്തതുമാണെന്നും, ഓഫീസിലെ അസാധാരണമായ തിരക്കുള്ള ജോലി സാഹചര്യം നിമിത്തം ഒപ്പിടാൻ വിട്ടുപോയതാണെന്നും പിന്നീട് ഡി.ഡി.പി. ഓഫീസിൽ നിന്നും പരിശോധന നടത്തിയ സന്ദർഭത്തിൽ ഈ കോളങ്ങൾ ഒഴിഞ്ഞ് കിടക്കുന്നത് കണ്ട് മാർക്ക് ചെയ്തതാണെന്നും അറിയിച്ചു. ഓഡിറ്റ് കാലയളവിലെ സെക്രട്ടറി നല്കിയ ഈ മറുപടി ഓഡിറ്റ് സമയത്തെ സെക്രട്ടറി പരിശോധിച്ച് ,രേഖകളുമായി ഒത്തുനോക്കി അവ യഥാർഥമാണെന്ന് അറിയിക്കുകയും ചെയ്തു.

അറ്റൻഡൻസ് യഥാസമയം രേഖപ്പെടുത്താതിരിക്കുന്ന നടപടി അംഗീകരിക്കാനാവില്ല. തുടർ ദിവസങ്ങളിലും ശരിയായ പരിശോധന ഇക്കാര്യത്തിൽ നടത്താതിരിക്കുന്നത് ആഭ്യന്തരമായ നിയന്ത്രണസംവിധാനങ്ങളുടെ ദൗർബല്യമാണ് വ്യക്തമാക്കുന്നത്. ഇക്കാര്യത്തിൽ ഭാവിയിൽ പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്. ഈ വസ്തുത ബന്ധപ്പെട്ട അധികാരികളുടെ സത്വര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

# 1-15 ആർജിതാവധി കണക്കാക്കുന്നതിലെ പിശകുകൾ

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ചില ജീവനക്കാരുടെ ക്രെഡിറ്റിലെ ആർജിതാവധി കണക്കാക്കുന്ന സന്ദർഭത്തിൽ അവധിയിലായിരുന്ന ദിവസങ്ങൾ കുറക്കുന്നില്ല എന്ന് കണ്ടു. ഉദാഹരണമായി ശ്രീമതി രമ്യ എ.എം. , ശ്രീമതി നീതു എം.കെ. എന്നീ ക്ലാർക്കുമാർ 06.11.2017 മുതൽ 04.05.18 വരെ മെറ്റേണിറ്റി ലീവിലായിരുന്നു. എന്നാൽ ഇക്കാലയളവ് കുറക്കാതെയാണ് പിന്നീട് ആർജിതാവധി കണക്കാക്കിയത്. ശ്രീമതി നീതു എം.കെ. എന്നവരുടെ സേവനപുസ്തകം പേജ് 18 ലെ രേഖപ്പെടുത്തൽ പ്രകാരം ടിയാൾ 07.12.2015 മുതൽ 03.6.2016 വരെയും മെണിറ്റേണിറ്റി ലീവിലായിരുന്നു. ഇക്കാലയളവും കുറക്കാതെയാണ് പിന്നീട് ആർജിതാവധി കണക്കാക്കിയത്. ഈ അപാകതകൾ ഓഡിറ്റ് എൻക്വയറി (നം. 3 /18-19 തീയ്യതി 03.01.2020) മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിൽ ശ്രീമതി എ.എം. രമ്യയുടെ അവധിക്കണക്കുകൾ ക്രമീകരിച്ച് ഓഡിറ്റിൽ ഹാജരാക്കുകയുണ്ടായി. ശ്രീമതി നീതു എം.കെ. എന്നവരുടെ അവധിക്കണക്കും ക്രമീകരിച്ച് സേവനപുസ്തകം സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അനർഹമായി അവധിയനുവദിക്കാനും അവധി ശംബളം നല്കാനും ഇടയാക്കുന്ന സാഹചര്യമുണ്ടായിട്ടും ഇക്കാര്യത്തിൽ മതിയായ പരിശോധന നടത്താതിരിക്കുന്നത് ഉചിതമായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-16 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

ഓഡിറ്റിനായി ഹാജരാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെക്കൊടുക്കുന്നു.

എ) ഓഡിറ്റിന് ഹാജരാക്കിയ പത്രിക പ്രകാരം തൻവർഷം 7 നടപ്പാത കോൺക്രീറ്റിംഗ് വർക്കുകൾ നടത്തിയിട്ടുണ്ട്. വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | മൂല്യനിർണ്ണയം |
|---|---|---|
| 1 | വലിയവട്ടം അമ്പലം | 128515 |

| | | |
|---|---|---|
| | റോഡ് കോൺക്രീറ്റ് | |
| 2 | ചുള്ളിയോട്ചന്തക്കുന്ന് റോഡ് കോൺക്രീറ്റ് | 110225 |
| 3 | മൻമഥൻകാവ് നടപ്പാത കോൺക്രീറ്റ് | 244879 |
| 4 | കോൽക്കുഴി പാടിയേരി റോഡ് കോൺക്രീറ്റ് | 194021 |
| 5 | മംഗലംകുന്ന് റോഡ് കോൺക്രീറ്റ് | 258971 |
| 6 | നെല്ലിച്ചുവട് മലങ്കരവയൽ റോഡ് കോൺക്രീറ്റ് | 196404 |
| 7 | കണ്ണിവട്ടം വയൽ റോഡ് കോൺക്രീറ്റ് | 84387 |

എന്നാൽ ഈ വർക്കുകൾ പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലത്താണോ ചെയ്തത് എന്നത് വ്യക്തല്ല. വർക്കിനു ശേഷം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ ചേർത്ത് അപ്ഡേറ്റ് ചെയ്തിട്ടുണ്ടോ എന്നും വ്യക്തമല്ല.

ബി) മെറ്റീരിയൽ ടെണ്ടർ നടത്തിയത് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

സി) ഫയലിലുള്ള പ്രാഥമിക 'കരാറുകളിൽ' വ്യവസ്ഥകളൊന്നും രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ഇത്തരം ടെണ്ടറുകൾ അംഗീകരിക്കുന്നതിന്റെ ഔചിത്യം വ്യക്തമാകുന്നില്ല.

ഓഡിറ്റ് എൻക്വയറി (നം. 10 /18-19 തീയ്യതി 04.01.2020 ) മുഖേന അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെങ്കിലും ഇവ സംബന്ധിച്ച് തൃപ്തികരമായ മറുപടിയൊന്നും നല്കിയിട്ടില്ല. ഇത് സംബന്ധിച്ച വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-17 ഗുണഭോക്തൃ സമിതിക്ക് അധിക തുക നൽകി.

ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ എല്ലാ മരാമത്ത് പ്രവൃത്തി പ്രോജക്ടിന്റെയും എസ്റ്റിമേറ്റിൽ ഒരോ ഇനത്തിനും 7.5% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുള്ള ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതികളിൽ (എസ്റ്റിമേറ്റ് നിരക്കിലുള്ള മൂല്യനിർണ്ണയത്തിൽ) നിന്നും ബാധകമായ നികുതികൾ ഈടാക്കണമെന്ന് 29.02.2016 -ലെ ജി. ഒ. (പി) നം. 30/2016/ധനം ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന് പുറമേ 16.03.2018 - ലെ ഡി.ബി.3 - 9058/17/സി.ഇ./എൽ.എസ്.ജി.ഡി. നമ്പർ സർക്കുലർ പ്രകാരം 01.07.2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ, എസ്റ്റിമേറ്റിൽ 7.5% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ ബിൽ തയ്യാറാക്കുമ്പോൾ 5% കുറവ് വരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ സർക്കാർ ഉത്തരവിലെയും സർക്കുലറിലെയും നിർദ്ദേശങ്ങൾ വിരുദ്ധമായി ഗുണഭോക്തൃ സമിതിയിൽ നിന്നും വസൂലാക്കലുകൾ വരുത്താതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതുമൂലം ₹30291/- ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഈ റിപ്പോർട്ടിലും ഖണ്ഡിക നമ്പർ 3-5 കാണുക.

# 1-18 വകയിരുത്തിയ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ പ്രോജക്ട് നടപ്പിലാക്കി.

സ.ഉ.(കൈ) നം .22/2018/തസ്വഭവ, തീയതി, 14.02.2018 ഖണ്ഡിക നം. 8.7(2) അനുസരിച്ച് ഗുണഭോക്തൃ വിഹിതം വകയിരിത്തിയിട്ടുള്ള പ്രോജക്ടുകളുടെ ഗുണഭോക്തൃ വിഹിതം മുൻകൂറായി ഈടാക്കി തദ്ദേശഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

എന്നാൽ വകയിരുത്തിയ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1.കോട്ടയിൽചിറ ജലസേചനകുളം നവീകരണം.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0286/18 |
| അടങ്കൽ | 1)₹10,00,000/- (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)<br>2)₹1,00,000/- (ഗുണഭോക്തൃ വിഹിതം)<br>ആകെ: ₹11,00,000/- |

| | |
|---|---|
| ചെലവ് തുക | 1)₹674066/- (ട്രഷറി ബിൽ നം. 08/18-19, 24.05.2018)<br>2)₹325934/-(ട്രഷറി ബിൽ നം. 129/18-19, 27.03.2019)<br>ആകെ:₹10,00,000/- |
| മതിപ്പ് ചെലവ് | ₹10,96,298/- |
| കരാറുടമ്പടി | 100/17-18, 07.03.2018 |
| കരാറുകാരൻ | മാത്യു കെ.എം. |
| പ്രവൃത്തി മൂല്യം | ₹10,08,558 |
| അളവ് പുസ്തകം | 646/17-18 |

മേൽപറഞ്ഞ പ്രവൃത്തിക്ക് മേൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രകാരം ആകെ: ₹10,00,000/- മാത്രമേ നൽകിയിട്ടുള്ളൂ. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാത്തതിനാൽ മുഴുവൻ തുകയും ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നുമാണ് നൽകിയിട്ടുള്ളത്. കാരാറുകാരന് അർഹമായതിലും ₹8,558/- കുറവാണ് നൽകിയിട്ടുള്ളത്.

2. ചെകിടിമൂല കുടിവെള്ള പൂർത്തികരണം

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0319/18 |
| അടങ്കൽ | 1)₹2,00,000/- (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)<br>2)₹20,000/- (ഗുണഭോക്തൃ വിഹിതം)<br>ആകെ: ₹2,20,000/- |
| ചെലവ് തുക | ₹2,00,000/- (ട്രഷറി ബിൽ നം. 136/18-19, 27.04.2019) |
| മതിപ്പ് ചെലവ് | ₹2,19,217/- |
| കരാറുടമ്പടി | 53/17-18, 25.01.2018 |
| കരാറുകാരൻ | മാത്യു കെ.എം. |
| പ്രവൃത്തി മൂല്യം | ₹2,19,969 |
| അളവ് പുസ്തകം | 701/17-18 |

മേൽപറഞ്ഞ പ്രവൃത്തിക്ക് മേൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രകാരം ആകെ ₹2,00,000/- മാത്രമേ നൽകിയിട്ടുള്ളൂ. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാത്തതിനാൽ മുഴുവൻ തുകയും ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ

നിന്നുമാണ് നൽകിയിട്ടുള്ളത്. കാരാറുകാരന് അർഹമായതിലും ₹19217/- കുറവാണ് നൽകിയിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി നം. 11/2018-19/ 06.01.2020 - ന് മറുപടിയായി ഗുണഭോക്താക്കളിൽ ഭൂരി ഭാഗവും എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ട ആളുകളായതിനാൽ അവരിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല എന്ന് വർക്ക് ബില്ല് തുകയിൽ നിന്നും കരാറുകാരൻ്റെ സമ്മതത്തോടു കൂടി തുക പിടിക്കുകയാണ് ചെയ്തിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്.

ഗുണഭോക്തൃ വിഹിതത്തിന്റെ ലഭ്യത ഉറപ്പു വരുത്താതെ പ്രോജക്ട് രൂപീകരിച്ചതും ടെൻഡർ നടത്തി കരാറുകാരനെ ഏൽപ്പിച്ചതും തെറ്റായ നടപടിയാണ്. പ്രോജക്ടുകളിൽ വകയിരുത്തിയിട്ടുള്ള മുഴുവൻ ഗുണഭോക്തൃ വിഹിതവും പിരിച്ചെടുക്കേണ്ടതും കാരാറുകാരന് നൽകാനുള്ള തുക നൽകിയതിന് ശേഷം അധികമായി ചെലവഴിച്ച ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് തുക ട്രഷറിയിൽ ഒടുക്കി അറിയിക്കേണ്ടതുമാണ്. ചെലവ് തുകകൾ യഥാക്രമം ₹674066/-, ₹325934/-, ₹2,00,000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

# 1-19 എസ്റ്റിമേറ്റ് റിവിഷൻ നടത്തിയതിൽ ചട്ട ലംഘനം.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 14(5) അനുസരിച്ച് ഒരു പൊതുമരാമത്ത് പണി എസ്റ്റിമേറ്റ് അനുസരിച്ച് നടന്നുവരവേ, മുൻകൂട്ടികാണാൻ കഴിയാത്ത കാരണത്താൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാതിരുന്ന പണിയിനമോ, കൂടുതലായി ചെയ്യേണ്ട പണിയോ നടത്തേണ്ടി വരുന്ന സംഗതിയിലാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ആയതിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും മുൻകൂട്ടി വാങ്ങേണ്ടതുമാണ്. സാങ്കേതിക അനുമതി നൽകുന്നതിന് മുമ്പ് ബന്ധപ്പെട്ട എഞ്ചിനീയർ അധികമായി ചെയ്യേണ്ടിവരുന്ന പണി ഒഴിവാക്കാൻ പറ്റാത്തതാണെന്ന് ബോദ്ധ്യപ്പെടേണ്ടതും അപ്രകാരം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

മേൽപറഞ്ഞ ചട്ടത്തിന് വിരുദ്ധമായി എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് മരാമത്ത് പ്രവർത്തികൾ നടപ്പിലാക്കിയതിന് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് യഥാർത്ഥ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്ത ഇനങ്ങളുടെ മൂല്യ നിർണ്ണയം നടത്തി തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1.ചീരാൽ ഹോമിയോ ഓഫീസ് നവീകരണം

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0295/18 |

| | |
|---|---|
| അടങ്കൽ | ₹10,00,000/- (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | ₹615828/- (ട്രഷറി ബിൽ നം. 52/18-19, 19.12.2018) |
| എസ്റ്റിമേറ്റ് തുക | ₹530792/- (സിവിൽ വർക്ക്) (ഇലക്ട്രിഫിക്കേഷൻ - ₹250000/-, കുഴൽ കിണർ - ₹200000/-, ലംമ്പ് സം. - ₹19208/-) |
| കരാറുടമ്പടി | 23/17-18, 12.01.2018 |
| കരാറുകാരൻ | വി.ജി. ഷാജി. |
| കരാറുകാരൻ രേഖപ്പെടുത്തിയ തുക | ₹675795/- (18.12.2017 - ലെ ടെൻഡർ) |
| അളവ് പുസ്തകം | 1)686/17-18, 2)690/17-18 |

മേൽപറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 28.09.2018 -ലെ ഭരണസമിതിയുടെ 366(5) നമ്പർ തീരുമാന പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ് ചെയ്ത എസ്റ്റിമേറ്റിൽ സിവിൽ വർക്കിന്റെ എസ്റ്റിമേറ്റ് തുക ₹530747/- ആണ്. ( ₹250000/- ഇലക്ട്രിഫിക്കേഷനം, ₹219253/- ലംമ്പ് സം പ്രവിഷനമായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്). അളവ് പുസ്തകം അനുസരിച്ച് 14.05.2018-ന് സിവിൽ വർക്കുകൾ പൂർത്തിയായിട്ടുണ്ട് (686/17-18, പേജ് നമ്പർ :6). എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന ശേഷം ആകെ ഗ്രാനൈറ്റ് ബോർഡ് സ്ഥാപിക്കാൽ മാത്രമാണ് നടത്തിയിട്ടുള്ളത് (03.12.2018- ന്).

2) ചുള്ളിയോട് ഹോമിയോ ആശുപത്രി നവീകരണം

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0292/18 |
| അടങ്കൽ | ₹12,00,000/- (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | ₹1164433/- (ട്രഷറി ബിൽ നം. 48/18-19, 19.12.2018) |
| എസ്റ്റിമേറ്റ് തുക | ₹11,80,709/- |
| കരാറുടമ്പടി | 22/17-18, 12.01.2018 |
| കരാറുകാരൻ | വി.ജെ. വിൻസന്റ് |
| കരാറുകാരൻ | ₹11,62,841/- |

| | |
|---|---|
| രേഖപ്പെടുത്തിയ തുക | |
| അളവ് പുസ്തകം | 1)689/17-18, 2)687/17-18 |

മേൽപറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 28.09.2018 -ലെ ഭരണസമിതിയുടെ 366(5) നമ്പർ തീരുമാന പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. അളവ് പുസ്തകം അനുസരിച്ച് 04.06.2018-ന് സിവിൽ വർക്കുകൾ പൂർത്തിയായിട്ടുണ്ട് (687/17-18, പേജ് നമ്പർ :8). മേൽപറഞ്ഞതിന് പുറമേ കരാറുകരൻ ഇ-ടെണ്ടറിൽ ക്വോട്ട് ചെയ്ത് എഗ്രിമെന്റ് വെച്ചതിലും അധികം തുക ₹1592/- (1164433 - )11,62,841 നൽകിയിട്ടുമുണ്ട്.

ഓഡിറ്റ് എൻക്വയറി നം. 12/2018-19/ 06.01.2020 - ന് മറുപടിയായി പ്രവൃത്തികളുടെ നടത്തിപ്പ് വേളയിൽ പ്രസ്തുത ഇനങ്ങൾ അത്യാവശ്യമായി വന്നതിനാലാണ് നടത്തിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. കരാറുകരൻ ഇ-ടെണ്ടറിൽ ക്വോട്ട് ചെയ്തതിലും അധികമായി നൽകിയ ₹1592/- കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

മൻകൂർ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിക്കാതെ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നത് ചട്ടം ലംഘനമാണ്. ചട്ടം ലംഘിച്ച് നടത്തുന്ന പ്രവൃത്തികൾക്കുള്ള ചെലവ് അനുവദനീയമല്ല. പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. ഉചിതമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-20 മതിപ്പ് ചെലവിനേക്കാൾ അധികം ചെലവ് വരുന്ന ടെൻഡർ അംഗീകരിച്ച് മരാമത്ത് പ്രവൃത്തി നടപ്പിലാക്കി.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 10(13) പ്രകാരം മതിപ്പ് ചെലവിനേക്കാൾ അധികം ചെലവ് വരുന്ന യാതൊരു ടെൻഡറും സ്വീകരിക്കുന്നതിന് മതിപ്പ് ചെലവിലുള്ള ടെൻഡർ ലഭിക്കാത്തത് ടെൻഡർ നോട്ടീസിന് മതിയായ പരസ്യം ലഭിക്കാത്തതുകൊണ്ടല്ലെന്നും വീണ്ടും ടെൻഡർ ക്ഷണിച്ചതു കൊണ്ട് പ്രയോജനം ഉണ്ടാകാൻ ഇടയില്ലെന്നുമുള്ള പഞ്ചായത്ത് എഞ്ചിനീയറുടെയും സെക്രട്ടറിയുടെയും സാക്ഷ്യപ്പെടുത്തൽ ആവശ്യമാണ്.

മേൽ പറഞ്ഞ ചട്ട പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കാതെ മതിപ്പ് ചെലവിനെക്കാൾ അധികം ചെലവ് വരുന്ന ടെൻഡറുകൾ അംഗീകരിച്ച് മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ചീരാൽ ഹോമിയോ ഓഫീസ് നവീകരണം

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0295/18 |
| അടങ്കൽ | ₹10,00,000/- (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)<br>(സിവിൽ വർക്ക് - ₹530792/- ഇലട്രിഫിക്കേഷൻ - ₹250000/-, കുഴൽ കിണർ - ₹200000/-, ലംമ്പ് സം. - ₹19208/-) |
| ചെലവ് തുക | ₹615828/- (ട്രഷറി ബിൽ നം. 52/18-19, 19.12.2018) |
| എസ്റ്റിമേറ്റ് തുക (സിവിൽ വർക്ക്) | ₹530792/- |
| കരാറുടമ്പടി | 23/17-18, 12.01.2018 |
| കരാറുകാരൻ | വി.ജി. ഷാജി. |
| കരാറുകാരൻ രേഖപ്പെടുത്തിയ തുക | ₹675795/- (18.12.2017 - ലെ ടെൻഡർ) |
| അളവ് പുസ്തകം | 1)686/17-18, 2)690/17-18 |

മേൽപറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 28.09.2018 -ലെ ഭരണസമിതിയുടെ 366(5) നമ്പർ തീരുമാന പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ് ചെയ്ത എസ്റ്റിമേറ്റിൽ സിവിൽ വർക്കിന്റെ എസ്റ്റിമേറ്റ് തുക ₹530747/- ആണ്. ( ₹250000/- ഇലട്രിഫിക്കേഷനും, ₹219253/- ലംമ്പ് സം പ്രവിഷനുമായാണ്

ഉൾപ്പെടുത്തിയിട്ടുള്ളത്). മതിപ്പ് ചെലവിനെക്കാൾ അധികം ചെലവ് വരുന്ന ടെൻഡർ അംഗീകരിച്ചതിനാൽ ₹85081/- (615828 - 530747) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

2. വിവിധ എസ്.റ്റി. കോളനികളിൽ ഡ്രൈനേജ് നിർമ്മാണം.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0318/18 |
| അടങ്കൽ | ₹5,00,000/- (ടി.എസ്.പി) |
| ചെലവ് തുക | ₹5,00,000/- (ട്രഷറി ബിൽ നം. 23/18-19, 28.07.2018) |
| എസ്റ്റിമേറ്റ് തുക (സിവിൽ വർക്ക്) | ₹486949/- |
| കരാറുടമ്പടി | 43/17-18, 22.01.2018 |
| കരാറുകാരൻ | കെ.എം. അസീസ്സ്. |
| കരാറുകാരൻ രേഖപ്പെടുത്തിയ തുക | ₹497500/- (10.01.2017 - ലെ ക്വട്ടേഷൻ) |
| അളവ് പുസ്തകം | 661/17-18 |

കരാറുകരൻ ക്വട്ടേഷനിൽ രേഖപ്പെടുത്തിയിതിലും ₹2500/- അധികം നൽകിയിട്ടുണ്ട്. ആയതിന് പുറമേ മതിപ്പ് ചെലവിനെക്കാൾ അധികം ചെലവ് വരുന്ന ടെൻഡർ അംഗീകരിച്ചതിനാൽ ₹10551/- (497500 - 486949) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

3) പടിയേരി കോളനി സംസ്കാരിക നിലയം നിർമ്മാണം.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0251/18 |
| അടങ്കൽ | ₹7,00,000/- (തനത് ഫണ്ട്) |
| ചെലവ് തുക | ₹665602/- (വൗച്ചർ നം. 57/18-19, 01.12.2018) |
| എസ്റ്റിമേറ്റ് തുക | ₹659807/- |

| | |
|---|---|
| (സിവിൽ വർക്ക്) | |
| കരാറുടമ്പടി | 16/17-18, 12.01.2018 |
| കരാറുകാരൻ | സുൽത്താൻ ബത്തേരി ലേബർ കോൺട്രാക്ട് & കൺസ്ട്രക്ഷൻ കോ-ഓപ്പ്. സൊസൈറ്റി. |
| കരാറുകാരൻ രേഖപ്പെടുത്തിയ തുക | ₹665601.56/- (27.11.2017 - ലെ ടെൻഡർ) |
| അളവ് പുസ്തകം | 1)666/17-18, 671/17-18, 672/17-18 |

മതിപ്പ് ചെലവിനെക്കാൾ അധികം ചെലവ് വരുന്ന ടെൻഡർ അംഗീകരിച്ചതിനാൽ ₹5795/- ( 665602 - 659807) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

4) വിവിധ കോളനികളിൽ കിണർ നവീകരണം, നിർമ്മാണം.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0329/18 |
| അടങ്കൽ | ₹8,70,000/- (ടി.എസ്.പി.) |
| ചെലവ് തുക | ₹5,34,145/- (ട്രഷറി ബിൽ നം. 85/18-19, 21.01.2019) |
| എസ്റ്റിമേറ്റ് തുക (സിവിൽ വർക്ക്) | ₹8,63,064/- |
| കരാറുടമ്പടി | 152/17-18, 26.03.2018 |
| കരാറുകാരൻ | മുഹമ്മദ് മുസ്തഫ |
| കരാറുകാരൻ രേഖപ്പെടുത്തിയ തുക | ₹8,63,064/- |
| അളവ് പുസ്തകം | 1)561/17-18, 677/17-18 |

ഒൻപത് കോളനികളിലെ കിണറുകളുടെ പ്രവൃത്തികളാണ് മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അളവ് പുസ്തകം പരിശോധിച്ചതിൽ 5 കോളനികളിലെ കിണറുകളുടെ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതായി കാണുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവൃത്തി പൂർത്തിയായതായാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോ കോളനിയിലും ചെയ്യേണ്ട പ്രവൃത്തികളുടെ വിവരങ്ങൾ തിരിച്ച് എസ്റ്റിമേറ്റിൽ കാണിച്ചിട്ടില്ലാത്തതിനാൽ മതിപ്പ് ചെലവിനെക്കാൾ അധികം ചെലവ് വരുന്ന ടെൻഡർ അംഗീകരിച്ചതുകൊണ്ട് ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം കണക്കാക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത പ്രോജക്ടിനുവേണ്ടി വകയിരുത്തിയ തുകയിൽ ചെലവഴിക്കാത്ത തുക ₹3,35,855/- (8,70,000 - 5,34,145 ) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം. 13/2018-19/ 06.01.2020 - ന് മറുപടിയായി സാങ്കേതിക അനുമതി ലഭിച്ച തുകയിൽ അധികരിച്ച് വരാത്തതു കൊണ്ടാണ് ടെണ്ടർ അംഗീകരിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളതെന്നും മേലിൽ ഇത്തരം വീഴ്ചകൾ വരാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മതിപ്പ് ചെലവിനാണ് സാങ്കേതിക അനുമതി ലഭ്യക്കേണ്ടത്. അടങ്കൽ തുകയെ സാങ്കേതിക അനുമതി ലഭിച്ച തുക എന്ന് കണക്കാക്കുന്നത് ശരിയല്ല.
പ്രസ്തുത തെറ്റായ നടപടികൾ മൂലം ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. ഉചിതമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-21 ചുള്ളിയോട് ബസ് സ്റ്റാന്റിൽ വനിത ടോയിലറ്റ് - നിഷ്ക്രീയ ആസ്തി.

ചുള്ളിയോട് ബസ് സ്റ്റാന്റിന്റെ പിൻവശത്തായി ₹921635/- ചെലവിൽ (വികസന ഫണ്ട്- പൊതു വിഭാഗം) 2018-19 വർഷത്തിൽ വനിത ടോയിലറ്റിന് കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ അളവ് പുസ്തക പ്രകാരം 14.06.2018 -ന് (MB No. 642/17-18, പേജ് നമ്പർ. 67) നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 04.01.2020 -ന് നടത്തിയ ഭൗതിക പരിശോധിനയിൽ പ്രസ്തുത ടോയിലറ്റ് ഉപയോഗപ്പെടുത്താതെ അടച്ചിട്ടിരിക്കുന്നതായാണ് കണ്ടത്. കെട്ടിത്തിന്റെ ജനലിന്റെ ചില്ലുകൾ പൂർണ്ണമായി തകർന്ന നിലയിലാണ്. ടോയിലറ്റിന്റെ വാതിൽ പാളിക്കും കേട് സംഭവിച്ചിട്ടുണ്ട്. ബസ് സ്റ്റാന്റിൽ നിന്നും ടോയിലറ്റ് കെട്ടിടത്തിലേക്ക് വഴി സൗകര്യം ഒരിക്കിയിട്ടുമില്ല.

വനിത ടോയിലറ്റ് കെട്ടിടം നിഷ്ക്രീയ ആസ്തിയായി തുടരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/2018-19/ 06.01.2020 -ന് മറുപടിയായി കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗത്തിന് വേണ്ടി സെക്രട്ടറിക്ക് പൂർത്തീകരണ റിപ്പോർട്ട് നൽകിയിട്ടുള്ളതാണെന്നും, ജനൽ ചില്ലുകൾ സാമൂഹ്യ വിരുദ്ധർ നശിപ്പിച്ചതായി 25/06/2019 ലെ AE/CSA/NMN/213/19 നമ്പർ കത്ത് പ്രകാരം സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും അസി. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലെ വീഴ്ചയാണ് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി മാസങ്ങൾ കഴിഞ്ഞിട്ടും വനിത ടോയിലറ്റ് നിഷ്ക്രീയ ആസ്തി തുടരുന്നതിനും മേൽ നോട്ടമില്ലാതെ നശിക്കുന്നതിനും കാരണമായിട്ടുള്ളത്. വനിത ടോയിലറ്റ് പ്രവർത്തന സജ്ജമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ചെലവ് തുക ₹921635/- (₹585978/- ട്രഷറി ബിൽ നം. 38/18-19 തീയതി 31.10.2019, ₹335657/- ട്രഷറി ബിൽ നം. 16/18-19 തീയതി 24.05.2018) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

# 1-22 കരാറുടമ്പടിവെച്ച് കരാറുകാരെ ഏൽപ്പിച്ച പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.

പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ എൽപ്പിക്കാവുന്നതുമാണ്.

ടെണ്ടർ നടത്തി കരാറുടമ്പടിവെച്ച് കരാറുകാരെ ഏൽപ്പിച്ച താഴെ പറയുന്ന പ്രവൃത്തികൾ നാളിതുവരെ പൂർത്തിയാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പ്രോജക്ട് നം. , പേര് | അടങ്കൽ, ഫണ്ട് | കരാറുടമ്പടിയുടെ നം. , തീയതി | കരാറുകാരൻ |
|---|---|---|---|---|
| 1 | എസ്0181/19, കിഴക്കേപാട്ടത്ത് കുടിവെള്ള | ₹50000/- ഫിനാൻസ് കമ്മീഷൻ | 74/2018-19, 27.11.2018 | ചന്ദ്രശേഖരൻ |

| | | | | |
|---|---|---|---|---|
| | പദ്ധതി കിണർ ആഴം കൂട്ടൽ | ഗ്രാന്റ്, ₹5000/- ഗുണഭോക്തൃ വിഹിതം | | |
| 2 | എസ്0183/19, നാല് സെന്റ് കോളനി കുടിവെള്ള പദ്ധതി കിണർ ആഴം കൂട്ടൽ | ₹50000/- ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ₹5000/- ഗുണഭോക്തൃ വിഹിതം | 75/2018-19, 27.11.2018 | ചന്ദ്രശേഖരൻ |
| 3 | എസ്0239/19, ചെറുമാട് കോളനി കിണർ നവീകരണം | ₹655000/- ടി. എസ്. പി. ഫണ്ട് | 76/2018-19, 27.11.2018 | ചന്ദ്രശേഖരൻ |
| 4 | എസ്0161/19, ചീരാൽ ചുള്ളിയോട് ആശുപത്രി മെയിന്റനൻസ് | ₹300000/- സംരക്ഷണ ഗ്രാന്റ് | 148/2018-19, 07.03.2019 | ചന്ദ്രശേഖരൻ |
| 5 | എസ്0158/19, പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ മുലയൂട്ടൽ കേന്ദ്രം നിർമ്മാണം. | ₹100000/- തനത് ഫണ്ട് | 149/2018-19, 07.03.2019 | അതുൽകുമാർ എം.എസ്. |
| 6 | എസ്0193/19, മലങ്കര ശുദ്ധജല പദ്ധതി നവീകരണം | ₹100000/- ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ₹10000/- | 123/2018-19, 16.02.2019 | സി.എ. കുഞ്ഞു മുഹമ്മദ്. |

| | | | | |
|---|---|---|---|---|
| | | ഗുണഭോക്തൃ വിഹിതം | | |

മേൽ പറഞ്ഞ കരാറുകാർക്കെതിരെ നിർവ്വഹണം ഉദ്യോഗസ്ഥൻ നടപടി എടുത്തതായി കാണുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റിയും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽപറഞ്ഞ പ്രവൃത്തികളുടെ പുരോഗതി പരിശോധിച്ചതായി കാണുന്നില്ല.

വികസന ഫണ്ടും സംരക്ഷണ ഗ്രാന്റും സാമ്പത്തിക വർഷാവസാനം ലാപ്സാകുന്നതിനാൽ പ്രവൃത്തികൾക്കുവേണ്ടി വകയിരുത്തിയ ചെലവഴിക്കാത്ത പ്രസ്തുത തുകകൾ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടുന്നതിന് ഇടയായിട്ടുണ്ട്. ആയതിന് പുറമേ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാതെ വരുന്നത് ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾകൊണ്ട് ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതിലും കാലതാമസം ഉണ്ടാക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 16/2018-19/ 06.01.2020 -ന് മറുപടിയായി ഓഡിറ്റ് എൻക്വയറിയിൽ പറഞ്ഞതിൽ നടപ്പിലാക്കാൻ കഴിയാത്ത പ്രവൃത്തികൾ ഭരണ സമിതി ഒഴിവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഒഴിവാക്കിയ പ്രോജക്ടുകളുടെ വിവരം ലഭ്യമാക്കേണ്ടതും പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

# 1-23 തുല്യത തുടർ വിദ്യാഭ്യാസ പരിപാടി- ഓണറേറിയം നൽകി.

തുടർ വിദ്യാഭ്യാസ പരിപാടിക്കായി ഹെഡ് മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നെൻമേനി ഗ്രാമപഞ്ചായത്ത് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0155/19 |
| അടങ്കൽ | ₹250000/- (തനത് ഫണ്ട്.) |
| ചെലവ് | 1)₹156900/- (ചെക്ക് നമ്പർ 1067827/ 21.03.2019)<br>2)₹86913/- (ചെക്ക് നമ്പർ 208863/ 06.03.2019)<br>ആകെ: ₹243813/- |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ [സ.ഉ.(കൈ)നം. 11/2018/തസ്വഭവ തിരുവനന്തപുരം, തീയതി: 29.01.2018] പ്രകാരം സാക്ഷരതാ മിഷന്റെ

പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സാക്ഷരതാ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, മിഷൻ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളുടെ വില നൽകുക, സാക്ഷരതാ മിഷനിൽ അടക്കേണ്ടതായ ഫീസുകൾ അടയ്ക്കുക എന്നിവയ്ക്കായി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാപഞ്ചായത്തുകൾക്കും അനുമതി നൽകിയിട്ടുള്ളത്.

എന്നാൽ മേൽ പ്രോജക്ട് പ്രകാരം ₹82000/- രൂപ പഠിതാക്കൾക്ക് ട്യൂഷൻ നൽകിയതിന് ഓണറേറിയം നൽകുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്.

തുടർ വിദ്യാഭ്യാസ പരിപാടിയുടെ നടത്തിപ്പ് ചുമതല കേരള സാക്ഷരതാ മിഷനാണ്. സാക്ഷരതാ കേന്ദ്രങ്ങളുടെ നടത്തിപ്പും തുടർ വിദ്യാഭ്യാസത്തിന്റെ വിവിധ ക്ലാസുകളിലെ പരീക്ഷ എഴുതുന്നവർക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ അടയ്ക്കേണ്ട ഫീസും നൽകുന്നതിന് മാത്രമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി ഉള്ളത്. അതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഹോണറേറിയം നൽകിയത് ക്രമ വിരുദ്ധമാണ്.

ഓഡിറ്റ് എൻക്വയറി നം. 08 /2018-19/ 04.01.2020 - ന് മറുപടിയായി ' ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഗണിതം, പരിസര പഠനം എന്നീ വിഷയങ്ങളിൽ ക്ലാസ് എടുക്കുന്നതിന് 21.05.2018 ന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ വെച്ച് ഇന്റർവ്യൂ നടത്തി അധ്യാപകരെ തിരഞ്ഞെടുക്കുകയും മൂന്ന് സെന്ററുകളിലായി 5 മാസത്തോളം പഠിതാക്കൾക്ക് ഇവർ പരിശീലനം നൽകുകയും ചെയ്തു. ഇവർക്ക് വേതനം നൽകുന്നതിന് വേറെ സാമ്പത്തിക സ്രോതസ്സ് ഇല്ലാത്തതിനാലാണ് പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ഓണറേറിയം നൽകിയിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. '

പദ്ധതി മാർഗ്ഗരേഖ പ്രകാരം ഓണറേറിയം നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ സർക്കറിന്റെ അനുമതി ആവശ്യമാണ്. ആയതിനാൽ ഭാവിയിൽ സർക്കാർ അനുമതിയോടെയെ പ്രസ്തുത രീതിയിലുള്ള ചെലവുകൾ നടത്താൻ പാടുള്ളൂ.

# 1-24 സുകൃതം ഭവന പദ്ധതി 58,143/- രൂപ പിഴപ്പലിശ അടവാക്കി

സുകൃതം ഭവന നിർമ്മാണ പദ്ധതിയുടെ ലോൺ തിരിച്ചടവിൽ പിഴപ്പലിശ ഇനത്തിൽ 2015-16 മുതൽ 2018-19 വരെ 58,143/- രൂപ ബാങ്ക് ഈടാക്കിയിട്ടുണ്ട്. ലോൺ തിരിച്ചടവിനായി ഗ്രാമപഞ്ചായത്ത് 2015-16 വർഷം മുതൽ മതിയായ തുക

ബഡ്ജറ്റിൽ വകയിരുത്താത്തതിനാലും പദ്ധതി തുക കൃത്യമായി കണക്കാക്കാതെ കുറഞ്ഞ തുക അടവ് വരുത്തിയതിനാലും ലോൺ തിരിച്ചടവ് കൃത്യമായ മാസങ്ങളിൽ ഒടുക്ക് വരുത്താത്തിനാലുമാണ് ഇത്തരത്തിൽ പിഴപ്പലിശ ഒടുക്കേണ്ടി വന്നിട്ടുള്ളത്. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

# 1-25 ലൈഫ് ഭവന പദ്ധതി-മുൻ ഭവന പദ്ധതിയിൽ പൂർത്തീകരിച്ച ഘട്ടങ്ങൾക്കും ആനുപാതിക വർദ്ധനവ് അനുവദിച്ചതിലെ അധികച്ചെലവ്

പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തികരണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിലെ (ജി.ഒ.(എം.എസ്.) നം.196/2017/തസ്വഭാവ തീയതി 11.10.2017) ഖണ്ഡിക നം. VI - പ്രകാരം പണി തീരാത്ത വീടുകളുടെ പൂർത്തികരണത്തിന് ഏത് ഭവനപദ്ധതിയിൽ ആരംഭിച്ചതാണെങ്കിലും നിലവിൽ യൂണിറ്റ് കോസ്റ്റ് നാല് ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. പരിഗണനയിൽ ഉള്ള വീടിന് പഴയ സ്കീമിൽ ഏതു ഘട്ടം വരെ ധനസഹായം നൽകിയിട്ടുണ്ടോ ബാക്കിയുള്ള ഘട്ടങ്ങളുടെ പൂർത്തികരണത്തിന് പുതിയ യൂണിറ്റ് കോസ്റ്റ് അനുസരിച്ചുള്ള ആനുപാതിക വർദ്ധനവ് വരുത്തി തുക അനുവദിക്കാവുന്നതാണ്.

പഴയ സ്കീമിൽ ധനസഹായം കൈപ്പറ്റിയിട്ടുള്ള പല ഗുണഭോക്താക്കളും തുക കൈപ്പറ്റിയ പ്രകാരമുള്ള നിർമ്മാണ ഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടായിരുന്നില്ല. അതിനാൽ ആനുപാതിക വർദ്ധനവ് വരുത്തികൊണ്ട് തുക ഭവന നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടായിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പിന്റെ 25.04.2018 ലെ 336/ഡി.ബി.1/18/തസ്വഭവ നമ്പർ സർക്കുലർ അനുസരിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികളിലായി ഭവന നിർമ്മാണത്തിന് നൽകിയിട്ടുള്ള ധനസഹായത്തിന്റെ യൂണിറ്റ് നിരക്ക് 3 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ആയത് അനുസരിച്ച് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ള ധനസഹായം ഈ തുകയുടെ എത്ര ശതമാണെന്ന് കണക്കാക്കി ഇപ്പോഴത്തെ ലൈഫ് നിരക്കായ 4 ലക്ഷം രൂപയിൽ നിന്ന് ഈ അനുപാതത്തിന് തുല്യമായ തുക കുറച്ച് ബാക്കി തുക ഓരോ ഘട്ടത്തിന്റെയും നിർമ്മാണത്തിന് നൽകാവുന്നതാണ്.

മുമ്പ് മേൽക്കൂര വരെ ഭവന നിർമ്മണം പൂർത്തിയാക്കിയവർക്ക് ബാക്കി പൂർത്തിയാക്കാൻ മൂന്ന് ലക്ഷം രൂപയിലധികം ലഭിച്ചപ്പോൾ ഭിത്തിവരെ മാത്രം

പൂർത്തിയാക്കിയ പല ഗുണഭോക്താക്കൾക്കും ബാക്കി പൂർത്തിയാക്കാൻ ലഭിച്ചത് ആയതിന്റെ ഏകദേശം പകുതി തുകയാണ്.

പൊതു/എസ്.സി. വിഭാഗത്തിലെ ഗുണഭോക്താക്കർക്ക് മേൽപറഞ്ഞ രീതിയിൽ അധിക ധനസഹായം നൽകിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, ലൈഫ് ഐ.ഡി. നം. | ഐ.എ.വൈ. പദ്ധതി പ്രകാരം പൂർത്തിയാക്കിയ ഘട്ടം | ഐ.എ.വൈ. പദ്ധതി പ്രകാരം കൈപ്പറ്റിയ തുക | എല്ലാ ഘട്ടങ്ങൾക്കുമായി ലൈഫ് പദ്ധതിയിൽ നൽകാവുന്ന തുക | മുമ്പ് പൂർത്തിയാക്കിയ ഘട്ടത്തിന്റെ തുക കഴിച്ച് നൽകാവുന്ന തുക | നാളിതുവരെ നൽകിയ തുക (ചെക്ക് നമ്പർ, തീയതി, തുക) | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | തങ്കമണി മോഹൻദാസ്, പാറപ്പുറത്ത് | തറ കഴിഞ്ഞു (ഭവന നിർമ്മാണത്തിന്റെ 10% പൂർത്തികരിച്ചു) | ₹20,000/- (അനുഗ്രഹ - 2010-11) | ₹3,20,000 (60,000/ 3,00,000 = 0.2 നൽകവുന്നത് 400000 X 0.8= 3,20,000.) | ₹2,56,000/- (എല്ലാ ഘട്ടങ്ങൾക്കുമായി ലൈഫ് പദ്ധതിയിൽ നൽകാവുന്ന തുകയുടെ 80% തുക.) | ₹3,60,000/- (20/12.2.18- 1,00,000/-) 38/13.3.18- 1,00,000/- 6213/5.11.18- 1,00,000/-) 28.3.18- 60,000 | ₹40,000 |

അധികമായി ആനുപാതിക വർദ്ധനവ് നൽകിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി തുടർ നടപടി സ്വീകരിക്കുന്നതാണ്.

# 1-26 പക്ഷി മൃഗാദികളെ കുടുംബശ്രീ യൂണിറ്റുകൾക്ക് നല്കുന്നതിൽ കരാർ ചമയ്ക്കുന്നില്ല.

പക്ഷി മൃഗാദികളെ കുടുംബശ്രീ യൂണിറ്റുകൾക്ക് നല്കുന്നതിൽ കരാർ ചമയ്ക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന വനിതാ കുടുംബശ്രീ യൂണിറ്റുകൾക്ക് ആട് വിതരണം (ജനറൽ, പട്ടികവർഗ്ഗം), കിടാരി/പോത്തുകുട്ടി വിതരണം (ജനറൽ, പട്ടികവർഗ്ഗം), മുട്ടക്കോഴിയും കൂടും (ജനറൽ, പട്ടികവർഗ്ഗം) എന്നിങ്ങനെയുള്ള 6 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സ.ഉ( കൈ.നം).11/2018/ ത.സ്വ.ഭ.വ തിയ്യതി 29.01.2018 ഖണ്ഡിക 7.2 പ്രകാരം പാൽ, മുട്ട, മാംസം

എന്നിവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനും, മുഖ്യ തൊഴിലായോ ഉപ തൊഴിലായോ മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും പ്രോജക്ടുകൾ വിഭാവനം ചെയ്യണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ.നം).22/2018/ത.സ്വ.ഭ.വ തിയ്യതി 14.02.2018 ഖണ്ഡിക 6.2) പ്രകാരം പെണ്ണാട് (ക്രമ.നം.2), പോത്ത്കുട്ടി (ക്രമ നം.4), മുട്ടക്കോഴിയും കൂടും ( ക്രമനം.7) എന്നീ വ്യക്തിഗത ആനുകൂല്യത്തിനുള്ള സബ്സിഡി നിരക്കും പ്രതിപാദിച്ചിട്ടുണ്ട്.

വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികളിൽ ഉരുക്കളെയും, കോഴികളെയും വിതരണം ചെയ്തിട്ടുള്ളത് കുടുംബശ്രീ യൂണിറ്റുകൾക്കാണ്. ഒരു സ്വയംതൊഴിൽ സംരംഭം എന്ന നിലയ്ക്കാണ് യൂണിറ്റുകൾക്ക് ആനുകൂല്യം നൽകിയിട്ടുള്ളത്. ഇത്തരത്തിൽ പക്ഷിമൃഗാദികളെ വിതരണം ചെയ്യുന്നതിൽ ഗുണഭോക്താക്കളുമായി നിശ്ചിതമായിട്ടുള്ള മൂന്ന് വർഷം വളർത്താമെന്നുള്ള കരാർ ചമയ്ക്കുന്നില്ല. ആകയാൽ ഇവ നിശ്ചിത കാലയളവിൽ വിൽക്കപ്പെടുന്നതോ പക്ഷിമൃഗാദികൾ ചത്തുപോകുന്നതോ ആയിട്ടുള്ള അവസ്ഥ നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയാൻ ഇടവരുന്നില്ല. മാത്രമല്ല, ചത്തുപോകുന്ന മൃഗാദികളുടെ ഇൻഷ്യൂർ ഗുണഭോക്താക്കൾ ഇൻഷ്യൂർ കമ്പനിയിൽ നിന്നും ഡിമാന്റ് ചെയ്യാതെ ഉപേക്ഷിക്കുന്നുമുണ്ട്. ഇങ്ങനെ വലിയ ഒരു തുക ഇൻഷ്യൂർ കമ്പനിയിൽ നിക്ഷേപിക്കപ്പെടുന്നുണ്ട്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാവണമെന്ന് ഓഡിറ്റ് ആവശ്യപ്പെടുന്നു.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഗുണഭോക്തൃ സമിതിക്ക് അധികം നൽകിയ ₹30291/- നിരാകരിക്കുന്നു.

ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ എല്ലാ മരാമത്ത് പ്രവൃത്തി പ്രോജക്ടിന്റെയും എസ്റ്റിമേറ്റിൽ ഒരോ ഇനത്തിനും 7.5% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുള്ള ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതികളിൽ (എസ്റ്റിമേറ്റ് നിരക്കിലുള്ള

മൂല്യനിർണ്ണയത്തിൽ) നിന്നും ബാധകമായ നികുതികൾ ഈടാക്കണമെന്ന് 29.02.2016 -ലെ ജി. ഒ. (പി) നം. 30/2016/ധനം ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന് പുറമേ 16.03.2018 - ലെ ഡി.ബി.3 - 9058/17/സി.ഇ./എൽ.എസ്.ജി.ഡി. നമ്പർ സർക്കുലർ പ്രകാരം 01.07.2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ, എസ്റ്റിമേറ്റിൽ 7.5% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ ബിൽ തയ്യാറാക്കുമ്പോൾ 5% കുറവ് വരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ സർക്കാർ ഉത്തരവിലെയും സർക്കുലറിലെയും നിർദ്ദേശങ്ങൾ വിരുദ്ധമായി ഗുണഭോക്തൃ സമിതിയിൽ നിന്നും വസൂലാക്കലുകൾ വരുത്താതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. 16.03.2018 - ന് ശേഷം ട്രഷറിയിൽ ബില്ല് സമർപ്പിച്ചിട്ടുള്ളതും പ്രവൃത്തിമൂല്യത്തിൽ നിന്നും ക്ഷേമനിധിയും 5%-ഓവർ ഹെഡ് ചാർജ്ജും കുറവ് ചെയ്യാതെയും തുക അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പറും പേരും | ചെലവ് തുക, ട്രഷറി ബിൽ നം./ | പ്രവൃത്തി മൂല്യം. | പ്രവൃത്തി മൂല്യത്തിന്റെ 5%, ക്ഷേമനിധി | അനുവദി ക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | എസ്.0206/17, മലങ്കരവയൽ പണിയ കോളനി നടപ്പാത കോൺക്രീറ്റ്, സ്ലാബിടൽ | ₹72728/-ബിൽ നം. 17/18-19, 24.05.2018 | ₹72008/- | 3600/-, 720/- ആകെ:4320/- | 67688/- (72008 - 4320) | ₹5040/- |
| 2 | എസ്.0226/18, നമ്പ്യാർകുന്ന് സ്കൂൾ ഗ്രൗണ്ട് നവീകരണം. | ₹45000/-വൗച്ചർ നം. 25/18-19, 29.05.2018 | ₹45000/- (പ്രവൃത്തിയുടെ മതിപ്പ് ചെലവായ ₹42154/- യിൽ പ്രവൃത്തി മൂല്യം പരിമിതപ്പെടുത്തിയിട്ടില്ല ) | 2108/-, 422/- ആകെ:2530/- | 39614/- (42154 - 2530) | ₹5385/- |
| 3 | എസ്.0112/17, വാഴക്കണ്ടി കോളനി നടപ്പാത കോൺക്രീറ്റ് | ₹100000/-07/18-19, 24.05.2018 | ₹104826/- (പ്രവൃത്തിയുടെ മതിപ്പ് ചെലവായ ₹93809/- യിൽ പ്രവൃത്തി മൂല്യം പരിമിതപ്പെടുത്തേണ്ടതിന് പകരം അടങ്കൽ തുകയിലാണ് | 4690/-, 938/- ആകെ:5628/- | 88181/- ( 93809 - 5628) | ₹11819/- |

| | | | | | | |
|---|---|---|---|---|---|---|
| | | | പരിമിതപ്പെടുത്തിയിട്ടുള്ളത് ) | | | |
| 4 | എസ്.0125/17, കുളിമൂല കോളനി നടപ്പാത കോൺക്രീറ്റ് | ₹96479/-06/18-19, 24.05.2018 | ₹95524/- (പ്രവൃത്തിയുടെ മതിപ്പ് ചെലവായ ₹94077/- യിൽ പ്രവൃത്തി മൂല്യം പരിമിതപ്പെടുത്തിയിട്ടില്ല ) | 4704/-, 941/- ആകെ:5645/- | 88432/- (94077-5645) | ₹8047/- |
| ആകെ അധികം | | | | | | ₹30291/- |

മേൽപറഞ്ഞിൽ ക്രമ നമ്പർ 1, 3 എന്നീ പ്രവൃത്തികളുടെ കൺവീനർ അനിത വാഴക്കണ്ടി കോളനി എന്നവരാണ്. ആയത് കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 13(2) -ന്റെ ലംഘനമാണ്. (ഒരു വ്യക്തിയെ രണ്ട് സ്ഥലത്തെ വർക്കിന് കൺവീനറാക്കാൻ പാടില്ല)

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക തുക നൽകിയതിനും ഒരു വ്യക്തിയെതന്നെ രണ്ട് സ്ഥലത്തെ പ്രവൃത്തിയുടെ കൺവീനറായി അംഗീകരിച്ചതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 09/2018-19/ 04.01.2020 -ന് മറുപടിയായി അധികം തുക കൈപ്പറ്റിയ കൺവീനർമാർക്ക് പ്രസ്തുത തുകകൾ തിരിച്ചടയ്ക്കാൻ രേഖമൂലം നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അധികമായി നൽകിയ ആകെ തുക ₹30291/- (1 - ₹5040/-, 2 - ₹5385/-, 3 - ₹11819/-, 4 - ₹8047/-) ഓഡിറ്റ് നിരാകരിക്കുന്നു. തുക കൺവീനർമാരിൽ നിന്നും ലഭ്യമാകാത്ത പക്ഷം ഉത്തരവാദിയായ ഉദ്യഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

# 3-2 സുകൃതം ഭവന പദ്ധതി 58,143/- രൂപ പിഴപ്പലിശ അടവാക്കി

സുകൃതം ഭവന നിർമ്മാണ പദ്ധതിയുടെ ലോൺ തിരിച്ചടവിൽ പിഴപ്പലിശ ഇനത്തിൽ 2015-16 മുതൽ 2018-19 വരെ 58,143/- രൂപ ബാങ്ക് ഈടാക്കിയിട്ടുണ്ട്. വർഷം തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2015-16 | 3,279 |
| 2016-17 | 15,047 |
| 2017-18 | 24,333 |
| | |

| | |
|---|---|
| 2018-19 | 15,484 |
| ആകെ | 58,143 |

ലോൺ തിരിച്ചടവിനായി ഗ്രാമപഞ്ചായത്ത് 2015-16 വർഷം മുതൽ മതിയായ തുക ബഡ്ജറ്റിൽ വകയിരുത്താത്തതിനാലും പദ്ധതി തുക കൃത്യമായി കണക്കാക്കാതെ കുറഞ്ഞ തുക അടവ് വരുത്തിയതിനാലും ലോൺ തിരിച്ചടവ് കൃത്യമായ മാസങ്ങളിൽ ഒടുക്ക് വരുത്താത്തിനാലുമാണ് ഇത്തരത്തിൽ പിഴപ്പലിശ ഒടുക്കേണ്ടി വന്നിട്ടുള്ളത്. ഓഡിറ്റ് വർഷം ഒടുക്കിയ 15484 രൂപ നിരാകരിക്കുന്നു. മുൻവർഷങ്ങളിലെ തുക 42659 രൂപ തടസ്സത്തിൽ വെക്കുന്നു. പ്രസ്തുത തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 30.05.2019 മുതൽ31.05.2019 വരെ | കെ.എസ്.ഡബ്ല്യ.വൈ.ഡി പി-3-406/19 തിയ്യതി 29.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 24,50,000 | സമഗ്ര നെൽകൃഷി വികസനം | 20,51,972 | 3,98,028 |
| | | 24,50,000 | | 23,94,970 | 55,030 |
| | | 6,50,000 | ക്ഷീരകർഷകർക്ക് പാലിന് പ്രോത്സാഹന വില | 6,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | | 3,86,600 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,86,600 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | GO(rt)638/10 25/02/10 | 3,33,62,452 | 18,75,048 | 18,75,048 | 53,506 | - |
| ലൈഫ് മിഷൻ ഭവന പദ്ധതി | - | 90,71,704 | - | - | - | 90,71,704 |
| സുകൃതം ഭവന പദ്ധതി | 83/2013 തസ്വഭവ തിയ്യതി. 11/03/2013 | 30,00,000 | 2,39,92,461 | 51,47,068 | 2,00,000 | 1,88,45,393 |

•

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 56,66,500/- |
| തൻവർഷം നിക്ഷേപിച്ച തുക | 10,00,000+ |

| | |
|---|---|
| | (int..701105)=17,01,105 |
| ആകെ | 73,67,605/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 73,67,605/- |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | സുൽത്താൻ ബത്തേരി കോ ഓപ്പറേറ്റീവ് അർബൻ ബാങ്ക്, ചീരാൽ. | 27/07/2018 | 12 മാസം | 2,70,793 | പുതുക്കി നിക്ഷേപിച്ചത് |
| 2 | | 27/07/2018 | | 3,59,430 | |
| 3 | | 25/07/18 | | 2,77,973 | |
| 4 | | 14/03/19 | | 3,73,799 | |
| 5 | സുൽത്താൻ ബത്തേരി കോ ഓപ്പറേറ്റീവ് അർബൻ ബാങ്ക്, ചുള്ളിയോട്. | 20/09/18 | | 4,39,867 | |
| 6 | | 1/03/19 | | 2,71,033 | |
| 7 | | 28/09/18 | | 5,00,000 | |
| 8 | | 14/03/19 | | 5,77,622 | |
| 9 | | | | 2,79,669 | |
| 10 | | 22/03/19 | | 5,00,000 | |
| 11 | | 31/03/2018 | | 5,00,000 | |
| 12 | | 21/12/2017 | | 10,18,781 | |
| 13 | | 13/08/16 | 36 മാസം | 15,01,787 | |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1996-97 | 2-7 | 5,496 | പി കേശവൻ, റിട്ട സെക്രട്ടറി. | 118210106173, 118210106174<br>dtd.05/02/19 |
| 2008-2009 | 2-5(c) | 300 | അനീഷ് പോൾ,യു ഡി ക്ലാർക്ക്. | 118210102718 തിയ്യതി.27/07/2018 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2001-02 ഖണ്ഡിക 3.6 | 2006-07 ഖണ്ഡിക3.9.3 | പാട്ടത്തുകുന്ന് കുടിവെള്ള പദ്ധതി | സമിതിയുടെ പരിഗണനയിൽ |
| 2006-07 ഖണ്ഡിക 3.2 | 2009-10 ഖണ്ഡിക 3.8.12 | പുഞ്ചവയൽ കോളനിയിൽ കൃഷിഭവൻ മുഖേന ഇലക്ട്രിക് മോട്ടോർ സ്ഥാപിച്ചത് സംബന്ധിച്ച്. | സമിതിയുടെ പരിഗണനയിൽ |
| 1999-2000 ഖണ്ഡിക 39 | - | കുണ്ടൂർ പ്രൊജക്ട് ഇറിഗേഷൻ സർവ്വേ നടത്തിപ്പിലെ അപാകതകൾ | സമിതിയുടെ പരിഗണനയിൽ |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 1,86,310,360 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 1,35,243,361 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 48,434 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 21,64,294 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 30,291 | വിനീത സി ടി, എ ഇ |
| 3-2 | | 15,484 | സെക്രട്ടറി, നെൻമേനി ഗ്രാമപഞ്ചായത്ത് |
| ആകെ | | 45,775 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18(1) | 6,74,066 | ശ്രീ. അയിൽ ലാൽ, അസി. എഞ്ചിനീയർ |
| 1-18(2) | 3,25,934 | ശ്രീ.എ.പി.അനിൽകുമാർ, സെക്രട്ടറി, നെൻമേനി ഗ്രാമപഞ്ചായത്ത് |
| 1-21 | 9,21,635 | ശ്രീ. അയിൽ ലാൽ, അസി. എഞ്ചിനീയർ |
| 3-2 | 42,659 | ശ്രീ.എ.പി.അനിൽകുമാർ, സെക്രട്ടറി, നെൻമേനി ഗ്രാമപഞ്ചായത്ത് |
| ആകെ | 19,64,294 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.എ.പി.അനിൽകുമാർ, സെക്രട്ടറി | വാഴക്കാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല | സുദർശനം<br>മേരിക്കുന്ന് പി.ഒ.<br>കോഴിക്കോട് |
| ശ്രീമതി. സി.ടി.വിനീത അസി.എഞ്ചിനീയർ | പൂതാടി ഗ്രാമപഞ്ചായത്ത് | മണൽവയൽ ഹൗസ്,<br>കാര്യമ്പാടി പി.ഒ.,<br>വയനാട്. |
| ശ്രീ.അഖിൽ ലാൽ<br>അസി. എഞ്ചിനീയർ | തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്, കോട്ടയം | അടക്കനാത്ത് ഹൗസ്,<br>കടപ്ലാമറ്റം പി.ഒ.,<br>കോട്ടയം, 686571 |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

4

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-91, 91-92 | LF(W).P4-360/10(1)/21.8.10 |
| 1992-93 | LF(W).P4-360/10(2)/21.8.10 |
| 1993-94 | LF(W).P4-360/10(3)/21.8.10 |
| 1994-95 | LF(W).P4-360/10(4)/21.8.10 |
| 1995-96 | LF(W).P4-360/10(5)/21.8.10 |
| 1996-97 | LF(W).P1-687/01/31.12.01 |
| 1997-98 | LF(W).P1-730/00/15.12.01 |
| 1998-99 | LF(W).P1-96/01/1.8.01 |
| 1999-00 | LF(W).P4-595/04/8.2.05 |
| 2000-01 | LF(W).P4-360/10(8)/21.8.10 |
| 2001-02(plan) | LF(W).P4-360/10(9)/21.8.10 |
| 2002-03 | LF(W).P4-360/10(10)/21.8.10 |
| 2003-04 | LF(W).P4-360/10(11)/21.8.10 |
| 2004-05 | LF(W).P4-360/10(12)/21.8.10 |
| 2005-06 | LF(W).P4-360/10(13)/21.8.10 |
| | |

| | |
|---|---|
| 2006-07 | LF(W).P4-360/10(14)/21.8.10 |
| 2007-08 | LF(W).P4-337/13 10.6.13 |
| 2008-09 | LF(W).P4-690/12 17.5.13 |
| 2009-10 | LF(W).P4-191/12 29.2.12 |
| 2010-11 | LF(W).P3-193/13 01.7.13 |
| 2011-12,12-13 | LF(W).P3-614/14 07.11.14 |
| 2013-14 | KSA WYD P3-693/2015 16.12.2015 |
| 2014-15 | KSA WYD P3-427/14.07.2016 |
| 2015-16 | KSA WYD P3- |
| 2016-17 | KSA WYD P3-/578/17 13.10.17 |
| 2017-18 | KSA WYD P3-/685/19 22/11/2019 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്,കൽപ്പറ്റ.

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-52/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

കൽപ്പറ്റ - 673121

തിയ്യതി : 10/02/2020

Phone- 04936 203672

Email- dowyd.ksad@kerala.gov.in


സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4 -ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും വയനാട് ജില്ലയിലെ നെൻമേനി ഗ്രാമ പഞ്ചായത്തിന്റെ 31/03/2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറിൻെറ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൻെറ അനുബന്ധമായി കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എൻെറ അഭിപ്രായത്തിൽ നെൻമേനി ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

# അനുബന്ധം-2 ന്യൂനതകളുടെ സംഗ്രഹം

1. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. ട്രഷറി എസ്.ബി അക്കൗണ്ട് നം.0006 റീ കൺസിലിയേഷൻ നടത്തിയിട്ടില്ല.

| ക്രമ.നം | അക്കൗണ്ട് നം | നീക്കിയിരിപ്പിന്റെ വിശദാംശം | |
|---|---|---|---|
| | | ബാങ്ക് ബുക്ക് പ്രകാരം | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം |
| 1 | ട്രഷറി എസ്.ബി അക്കൗണ്ട് നം.0006 | 4,27,21,963 | 4,39,94,085 |

2. ട്രഷറി സ്പെഷ്യൽ ഫണ്ട് -2 ന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

3. 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ എല്ലാ ചെക്കുകളുടെയും തുക കാലാവധി "കഴിഞ്ഞ ചെക്കുകൾ (Liability in respect of stale cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

5. വസ്തു നികുതിയിനത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വാർഷിക ഡിമാൻറ് കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിവരം ചുവടെ ചേർക്കുന്നു.

| വസ്തു നികുതി | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | കുടിശ്ശിക | തൻ വർഷം | കുടിശ്ശിക | തൻ വർഷം | കുടിശ്ശിക | തൻ വർഷം |
| സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | 13,15,944 | 55,32,282 | 10,41,108 | 49,63,276 | 3,91,115 | 3,60,155 |
| വാർഷിക കണക്ക് | 10,21,292 | 53,28,803 | 10,23,205 | 49,04,178 | 4,11,461 | 3,63,429 |

| പ്രകാരം | | | | | | |
|---|---|---|---|---|---|---|
| | | | | | | |

6. ആസ്തികകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള ഡിപ്രിയിസേഷൻ രേഖപ്പെടുത്തിയിട്ടില്ല.
7. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല.
8. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ,ഫിക്സഡ് അസറ്റ് എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
9. ഫെസ്റ്റിവൽ അഡ്വാൻസ്, advance to others എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
10. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
11. ടെണ്ടർ ഫോറം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
12. Day book,Cash book എന്നിവ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല.
13. വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം - രജിസ്റ്റർ പ്രകാരമുള്ള 3,60,000 രൂപയുടെ വരവും ചെലവും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
14. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആകെ വരുമാനം വാർഷിക കണക്ക് പ്രകാരം 5,57,37,128 രൂപ എന്നാൽ ദേശീയ ഗ്രാമീണ തൊഴുലുറപ്പ് പദ്ധതി രജിസ്റ്റർ പ്രകാരം ആകെ വരവ് 5,46,92,197/-.
15. 28.06.2018 ലെ കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി പി3-567/18 നമ്പർ അക്കൗണ്ട് സർട്ടിഫിക്കറ്റിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്, വയനാട്

കൽപ്പറ്റ,
10/02/2020